**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഷാർജ ഭരണാധികാരി സംസ്ഥാനം സന്ദർശിച്ചത് എന്നായിരുന്നു; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2017 സെപ്റ്റംബർ 24 മുതൽ 27 വരെ ഷാർജ ഭരണാധികാരിയും യു.എ.ഇ സുപ്രീം കൗൺസിൽ അംഗവുമായ ഹിസ് ഹൈനസ് ഷെയ്ഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി കേരളം സന്ദർശിക്കുകയുണ്ടായി |
| (ബി) | അദ്ദേഹത്തിന്റെ കേരളത്തിലെ ഔദ്യോഗിക പരിപാടികൾ എന്തെല്ലാമായിരുന്നു; പ്രസ്തുത പരിപാടികൾ തയ്യാറാക്കിയത് ആരാണ്; അദ്ദേഹം പങ്കെടുത്ത എല്ലാ പരിപാടികളുടെയും വിശദാംശം നൽകുമോ; | (ബി) | ബഹു. ഗവർണർ, മുഖ്യമന്ത്രി എന്നിവരുമായുള്ള കൂടിക്കാഴ്ച, മന്ത്രിമാരുമായുള്ള ആശയവിനിമയ കൂടിക്കാഴ്ച, ക്ലിഫ്ഹൗസിൽ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച, ഡി-ലിറ്റ് ബിരുദദാന ചടങ്ങ് എന്നിവയായിരുന്നു പ്രധാന പരിപാടികൾ. |
| (സി) | ഷാർജ ഭരണാധികാരിയുടെ നേരത്തെ തയ്യാറാക്കിയ ഔദ്യോഗിക പരിപാടികളിൽ ഉൾപ്പെടുത്താത്ത ക്ലിഫ്ഹൗസ് സന്ദർശനം ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ പരിപാടികളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ